## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 324 | 25.04.2017 – ൽ മറുപടിക്ക്

## പുതിയ റേഷൻ കാർഡ് വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ ഉപയോഗിച്ചു വരുന്ന റേഷൻ കാർഡ് ഏതു വർഷത്തിൽ അനുവദിച്ചതാണ്; നിലവിലെ റേഷൻ കാർഡിന് ഒരു പതിറ്റാണ്ടിലേറെ പഴക്ക മുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 01.09.2009 - ന് നിലവിൽ വന്ന റേഷൻ കാർഡിന് 8 വർഷത്തോളം പഴക്കമുണ്ട്. |
| (ബി) പുതിയ റേഷൻ കാർഡ് വിതരണത്തിനായി ഈ വർഷം ഏതൊക്കെ തീയതി കളായിരുന്നു നേരത്തെ നിശ്ചയിച്ചി രുന്നത്; | (ബി) പുതിയ റേഷൻ കാർഡ് 2017 മാർച്ച് മാസത്തോടെ വിതരണം നടത്തുവാനായിരുന്നു നിശ്ചയിച്ചിരുന്നത്. |
| (സി) പുതിയ റേഷൻ കാർഡുകൾ എന്നത്തേയ്ക്ക് വിതരണം ചെയ്യാനാകും എന്നാണ് ഇപ്പോൾ കരുതുന്നത്; | (സി) മെയ് മാസത്തോട് കൂടി വിതരണം പൂർത്തിയാക്കാൻ കഴിയും എന്നാണ് കരുതുന്നത്. |
| (ഡി) കാർഡ് വിതരണവുമായി ബന്ധപ്പെട്ട് ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെ; വിശദമാക്കുമോ? | (ഡി) പുതിയ റേഷൻ കാർഡുകൾ അച്ചടി പൂർത്തിയാക്കി ലാമിനേറ്റ് ചെയ്ത് സ്റ്റാപ്ലിംഗ് ജോലികൾ ചെയ്താണ് വിതരണം നടത്തേണ്ടത്. കൊല്ലം ജില്ലയിലെ 2 താലൂക്കുകളിലെ റേഷൻ കാർഡ് അച്ചടി പൂർത്തിയായി വിതരണത്തിന് ലഭിച്ചിട്ടുണ്ട്. മറ്റ് താലൂക്കുകളിലെയും മറ്റു ജില്ലകളിലെയും റേഷൻ കാർഡ് വിതരണത്തിനുള്ള ജോലികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |

*സെക്ഷൻ ഓഫീസർ*